"ഭരണഭാഷ-മാതൃഭാഷ"

നം. 15452/എസ്റ്റാ. ബി 1/18/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ-പി.ഒ., തിരുവനന്തപുരം,
തീയതി: 15/10/2018

സർക്കുലർ

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം -ബ്ലോക്ക് പഞ്ചായത്ത് അധിക ചുമതല ക്രമീകരണം-സാധൂകരണം-സംബന്ധിച്ച്.

*******

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്ഥലംമാറ്റം/വിരമിക്കൽ/ദീർഘകാല അവധി തുടങ്ങിയ സാഹചര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ അധിക ചുമതല മറ്റു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കോ അതാതു ബ്ലോക്ക് ഓഫീസിലെ ഉദ്യോഗസ്ഥർക്കോ നൽകി അതാത് ജില്ലാകളക്ടർ/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പ്രസ്തുത ഉത്തരവിനു നിയമനാധികാരിയായ ഗ്രാമവികസന കമ്മീഷണറുടെ സാധൂകരണം യഥാസമയം ലഭ്യമാക്കേണ്ടതുണ്ട്. അധിക ചുമതല വഹിച്ച ജീവനക്കാർക്ക് അധികചുമതലബത്ത അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പോലും അധിക ചുമതല അനുവദിച്ച ഉത്തരവിനു സാധൂകരണം ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷ സമർപ്പിക്കുന്നതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതല ക്രമീകരണ ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരങ്ങളിൽ ടി ഉത്തരവിനു ഗ്രാമവികസന കമ്മീഷണറുടെ സാധൂകരണം നേരിടേണ്ടിയിരിക്കേണ്ടതാണെന്നു ഇതിനാൽ നിർദ്ദേശിക്കുന്നു. ഇക്കാര്യങ്ങൾ മറ്റു തസ്തികയുടെ കാര്യത്തിലും പാലിച്ചിരിക്കേണ്ടതാണ്.

(ഒപ്പ്)
അജിത് ദാസ്.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

പകർപ്പ്. പ്രോജക്ട് ഡയറക്ടർ, പി.എ.യു
പ്രിൻസിപ്പൽ, ഇ.റ്റി.സി
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജ)

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്